Reg. No. : ..............................

Name : ..................................

**FY 536**

# FIRST YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2025

## Part – III

## POLITICAL SCIENCE

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

---

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Read instructions carefully.*
- *Malayalam version of the questions is also provided.*
- *Calculations, figures and graphs should be shown in the answer sheet itself*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവം വായിക്കുക.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.

1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരം എഴുതുക. Score (16)

1. മുൻപ് സ്വത്തവകാശം ഒരു മൗലികാവകാശമായിരുന്നു. എന്നാൽ ഇപ്പോൾ സ്വത്തവകാശം ഒരു സാധാരണ നിയമമാണ്. ഈ അവകാശത്തെ ഭരണഘടനയുടെ എത്രാമത്തെ ആർട്ടിക്കിളിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് ? (1)

2. ഇന്ത്യൻ ഭരണഘടനയിലെ കടമെടുത്ത ചില വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു. അവ തിരിച്ചറിഞ്ഞ് ഉചിതമായി പട്ടികപ്പെടുത്തുക.

നീതിന്യായ പുനരവലോകനം, അർദ്ധഫെഡറൽ സംവിധാനം, കേവല ഭൂരിപക്ഷ സമ്പ്രദായം, നിയമവാഴ്ച, മൗലികാവകാശങ്ങൾ, നിയമനിർമ്മാണ നടപടിക്രമങ്ങൾ, അവശിഷ്ടാധികാരങ്ങൾ, സ്വതന്ത്ര നീതിന്യായ വ്യവസ്ഥ. (4)

| ബ്രിട്ടീഷ് ഭരണഘടന | അമേരിക്കൻ ഭരണഘടന | കനേഡിയൻ ഭരണഘടന |
|---|---|---|
| | | |

3. ഇന്ത്യയിൽ ________ തെരഞ്ഞെടുപ്പിന് അനുപാതിക പ്രാതിനിധ്യ നിയമമാണ് സ്വീകരിച്ചിരിക്കുന്നത്. (1)

a) ലോകസഭ


b) സംസ്ഥാന ലെജിസ്ലേറ്റീവ് അസംബ്ലി

c) രാജ്യസഭ

d) പ്രധാനമന്ത്രി

Score

4. (2)




5. ഭരണഘടനയുടെ അടിസ്ഥാന ഘടന എന്ന സിദ്ധാന്തം ജുഡിഷ്യറി മുന്നോട്ട് വച്ച കേസ് ഏതെന്ന് കണ്ടെത്തുക. (1)

6. താഴെ പറയുന്നവയെ വർഗ്ഗീകരിച്ച് ഉചിതമായ കോളങ്ങളിലെഴുതുക. (3)

a) മൃഗസംരക്ഷണം

b) തുറമുഖം

c) പ്രതിരോധം

d) തൊഴിൽ സംഘടനകൾ

e) പൊതുജനാരോഗ്യം

f) വിദ്യാഭ്യാസം

| യൂണിയൻ ലിസ്റ്റ് | സ്റ്റേറ്റ് ലിസ്റ്റ് | കൺകറന്റ് ലിസ്റ്റ് |
|---|---|---|
| • | • | • |
| • | • | • |

Score

7. ഇന്ത്യയിലെ തദ്ദേശ ഗവൺമെന്റുകളുടെ പിതാവ് എന്നറിയപ്പെടുന്നത് ആര് ? (1)

8. ചില പുസ്തകങ്ങളുടെ പേര് ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു. അവയെ പട്ടികയിൽ ശരിയായി ക്രമപ്പെടുത്തുക. (4)

(രാമായണ റെത്തോൾഡ്, സാത്താനിക് വേഴ്സസ്, സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘയാത്ര, സ്വാതന്ത്ര്യത്തിലേക്ക്)

| | |
|---|---|
| ജെ. എസ്. മിൽ | |
| നെൽസൺ മണ്ഡേല | |
| ഓബ്രി മേനോൻ | |
| സൽമാൻ റുഷ്ദി | |

9. സംഘർഷത്തിലൂടെ മാത്രമേ നാഗരികത പരിപോഷിപ്പിക്കപ്പെടുകയുള്ളൂ എന്ന് അഭിപ്രായപ്പെട്ട പത്തൊൻപതാം നൂറ്റാണ്ടിലെ ജർമ്മൻ തത്ത്വചിന്തകന്റെ പേര് എഴുതുക. (1)

10. ചുവടെ ചേർത്തിരിക്കുന്നവയെ വർഗ്ഗീകരിച്ച് അനുയോജ്യമായ കോളത്തിൽ ക്രമീകരിക്കുക. (2)

- വേതനത്തിനുള്ള അവകാശം
- വോട്ടവകാശം
- തൊഴിലെടുക്കുവാനുള്ള അവകാശം
- രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കുന്നതിനുള്ള അവകാശം

| രാഷ്ട്രീയ അവകാശങ്ങൾ | സാമ്പത്തിക അവകാശങ്ങൾ |
|---|---|
| • | • |
| • | • |

Score

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.**
**3 സ്കോർ വീതം.** **(4x3=12)**

11. ഭരണഘടനയുടെ ഏതെങ്കിലും 3 ധർമ്മങ്ങൾ ചുരുക്കി വിവരിക്കുക.

12. ഇന്ത്യൻ ഭരണഘടന ഭേദഗതിക്കുള്ള 3 നടപടിക്രമങ്ങൾ തിരിച്ചറിയുക.

13. നിഷേധാത്മക സ്വാതന്ത്ര്യവും ക്രിയാത്മക സ്വാതന്ത്ര്യവും വിശദീകരിക്കുക.

14. വികസനത്തിന്റെ സാമൂഹ്യ ചിലവുകൾ സമർത്ഥിക്കുക.

15. അവകാശങ്ങളും ചുമതലകളും തമ്മിലുള്ള ബന്ധം ചുരുക്കി വിശദമാക്കുക.

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.**
**4 സ്കോർ വീതം.** **(4x4=16)**

16. സ്വതന്ത്ര നീതിന്യായ സമ്പ്രദായം ഉറപ്പുവരുത്തുവാൻ വേണ്ടി ഇന്ത്യൻ ഭരണഘടന സ്വീകരിച്ചിരിക്കുന്ന മുൻകരുതലുകൾ ഏതെല്ലാം ?

17. 73 -ാം ഭരണഘടനാ ഭേദഗതിയുടെ ഫലമായുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുക.

18. ഇന്ത്യൻ ഭരണഘടനയിലെ ഏതെങ്കിലും രണ്ട് രാഷ്ട്രീയതത്വശാസ്ത്രങ്ങൾ ചുരുക്കി വിവരിക്കുക.

19. നീതിയുടെ 2 തത്വങ്ങൾ ചുവടെ കൊടുക്കുന്നു. അവയെക്കുറിച്ച് വിശദീകരിക്കുക.
   a) തുല്യർക്ക് തുല്യ പരിഗണന
   b) ആനുപാതിക നീതി

20. അഭയാർത്ഥികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാം ? അഭയാർത്ഥികളുടെ ഈ പ്രശ്നങ്ങൾക്ക് ആഗോളപൗരത്വം ഏതെല്ലാം രീതിയിൽ ഗുണകരമാകുന്നു ?

Score

**21 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.**
**5 സ്കോർ വീതം.** **(4×5=20)**

21. ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ വിശദീകരിക്കുക.

22. ദേശീയത എന്നാൽ എന്ത് ? ദേശീയത പരിപോഷിപ്പിക്കുന്ന ഘടകങ്ങൾ വിശദമാക്കുക.

23. രാഷ്ട്രീയ സിദ്ധാന്ത പഠനം നമ്മുക്ക് ഏതെല്ലാം രീതിയിൽ ഉപയോഗപ്രദമാണെന്ന് ചർച്ച ചെയ്യുക.

24. സമത്വത്തിന്റെ 3 തലങ്ങളെക്കുറിച്ച് ലഘുവായി വിശദീകരിക്കുക.

25. ഇന്ത്യൻ പ്രധാനമന്ത്രിയുടെ അധികാരങ്ങൾ വിവരിക്കുക.

**26 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക.**
**8 സ്കോർ വീതം.** **(2×8=16)**

26. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകിയിരിക്കുന്ന മൗലികാവകാശങ്ങളെ കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

27. എന്താണ് മതേതരത്വം ? ഇന്ത്യൻ മതേതരത്വത്തിനെതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും 4 വിമർശനങ്ങൾ വിവരിക്കുക.

28. ഇന്ത്യയിൽ കാര്യ നിർവഹണ വിഭാഗത്തെ നിയന്ത്രിക്കുന്നതിനായി നിയമനിർമ്മാണസഭ ഉപയോഗിക്കുന്ന വിവിധ മാർഗ്ഗങ്ങൾ വിശകലനം ചെയ്യുക.

---